# പതിനാലാം കേരളനിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3454** **14/03/2017-ൽ മറുപടിക്ക്**

## ഐ.റ്റി. മേഖലയിൽ ജീവനക്കാരുടെ വർദ്ധനവ്

**ചോദ്യം**

**ശ്രീ.കെ.കൃഷ്ണൻകുട്ടി**

**മറുപടി**

**ശ്രീ. പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| എ) | കേരളത്തിലെ ഐ.ടി. മേഖലയിൽ കഴിഞ്ഞ 5 വർഷത്തെ കാലയളവിൽ ജീവനക്കാരുടെ എണ്ണത്തിൽ വന്ന വർദ്ധനവിന്റെ കാര്യം വ്യക്തമാക്കാമോ? | (എ) | കേരളത്തിലെ ഐ.ടി. മേഖലയിൽ കഴിഞ്ഞ 5 വർഷത്തെ കാലയളവിൽ 25,000ത്തോളം ജീവനക്കാരുടെ വർദ്ധനവുണ്ടായിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിന് ഐ.ടി. മേഖലയിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ലഭിച്ച വിദേശ നിക്ഷേപം എത്രയാണെന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്തിന് ഐ.ടി. മേഖലയിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ നേരിട്ടുള്ള വിദേശ നിക്ഷേപം ഉണ്ടായിട്ടില്ല. |
| സി) | സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷം ഐ.ടി. മേഖലയിൽ നിന്നും ലഭിച്ച ആകെ വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ? | സി) | സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷം ഐ.ടി. മേഖലയിൽ നിന്നും ലഭിച്ച ആകെ വരുമാനം ഏകദേശം 11,755 കോടി രൂപയാണ്. |
| ഡി) | ഈ വർഷം സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ പോകുന്ന ഐ.ടി. പദ്ധതികൾ ജില്ലാ അടിസ്ഥാനത്തിൽ വിശദീകരിക്കാമോ? | ഡി) | ഈ വർഷം സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ പോകുന്ന ഐ.ടി. പദ്ധതികൾ താഴെ ചേർക്കുന്നു.<br>**തിരുവനന്തപുരം ജില്ല.**<br>**ടെക്നോപാർക്ക്-** അടിസ്ഥാന സൗകര്യ വികസനത്തിന് 110 KV സബ്സ്റ്റേഷൻ വിപുലീകരണം, 2.5 കി.മീറ്റർ റോഡുകളും അനുബന്ധ സംവിധാനങ്ങളും.<br>**ടെക്നോസിറ്റി-** അടിസ്ഥാന സൗകര്യ വികസനം |

| | | | |
|---|---|---|---|
| | | | 2 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ ഐ.ടി കെട്ടിടം.<br>**ഐ.ടി. മിഷൻ**<br>വിവിധ വകുപ്പുകളുടെ സർവ്വീസുകൾ ഏകീകൃത സർവ്വീസ് ഡെലിവറി ഗേറ്റ് വേയുമായി ബന്ധിപ്പിച്ച് പൊതുജന സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കൽ, വെർച്ചൽ ഐ.ടി. കേഡർ മുഖേന എല്ലാ വകുപ്പുകളിലും ഇ-ഗവേണൻസ് കപ്പാസിറ്റി ബിൽഡിംഗ് നടപ്പിലാക്കൽ, അക്ഷയ കേന്ദ്രങ്ങൾ വഴി വിവര സാങ്കേതിക വിദ്യയുടെ നൈപുണ്യ വികസന കോഴ്സുകൾ സംഘടിപ്പിക്കൽ, കെ-ഫോൺ പദ്ധതിയുടെ ഭാഗമായി 20 ലക്ഷം നിർധന വീടുകളിൽ സൗജന്യമായും മറ്റുള്ളവർക്ക് കുറഞ്ഞ നിരക്കിലും പരിമിത ഇന്റർനെറ്റ് കണക്റ്റിവിറ്റി നല്കൽ എന്നിവ കൂടാതെ ഇ-ഓഫീസ് എല്ലാ ജില്ലാ കളക്ടേറ്റിലും താലൂക്ക് ഓഫീസുകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>**<u>കോഴിക്കോട് ജില്ല.</u>**<br>**സൈബർ പാർക്ക്**<br>അഞ്ച് നില ഐ.ടി. കെട്ടിടം മാർച്ച് അവസാനത്തോടെ പൂർത്തീകരിച്ച് കമ്പനികൾക്ക് കൈമാറാൻ സാധിക്കുന്നതാണ്.<br>**കേരള ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാ സ്ട്രക്ച്ചർ**<br>KSITIL implementing agency ആയി സർക്കാർ നടപ്പിലാക്കാൻ പോകുന്ന ഒരു മുഖ്യ പദ്ധതിയാണ് സ്കിൽ ഡെലിവറി പ്ളാറ്റ്ഫോം.<br>**<u>എറണാകുളം ജില്ല</u>**<br>**ഇൻഫോപാർക്ക് കൊച്ചി**<br><u>ഫേസ് 1</u><br>റോഡുകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങളുടെ |

| | | | |
|---|---|---|---|
| | | | വികസനത്തിനും 50,000 ച.അടി.യിൽ ഒരു IT cum Recreations and Sports Centre സ്ഥാപിക്കുന്നതിനും അനുമതി നല്കിയിട്ടുണ്ട്.<br>പരിസ്ഥിതിക്കനുകൂലമായ രീതിയിൽ സോളാർ ലാമ്പുകളും പമ്പുസെറ്റുകളും തീർത്തു പോരുന്നതിനും അനുമതി നല്കിയിട്ടുണ്ട്.<br>**<u>തൃശ്ശൂർ ജില്ല</u>**<br>**ഇൻഫോപാർക്ക്**<br>തൃശ്ശൂർ ജില്ലയിൽ നിലവിലുള്ള ഐ.ടി. മന്ദിരത്തിന്റെ 1st Floor Fitout ചെയ്തു കൊടുക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള പാർക്കിന് ഒരു റോഡ് നിർമ്മിച്ചു കൊണ്ട് 12 ഏക്കർ അധികമായുള്ള KSITIL ഭൂമിയെ പുരോഗമിപ്പിക്കുന്നതിനും പദ്ധതിയുണ്ട്. |

**സെക്ഷൻ ഓഫീസർ**